"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ചടയമംഗലം ബ്ലോക്ക് നിലമേൽ ഗ്രാമപഞ്ചായത്തിലെ വെയ്ക്കൽ-വട്ടപ്പാറ-തങ്കക്കല് റോഡ് വികസന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.555/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/02/2021

---

പരാമർശം:- 1 2020-21-സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II, വാല്യം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 646 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 02.11.2020, 02.02.2021 തീയതികളിലെ ഡി.ബി.1/11619/20/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

2020-21 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-IIൽ മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ ഉൾപ്പെട്ട ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ പെട്ട നിലമേൽ ഗ്രാമ പഞ്ചായത്തിലെ വെയ്ക്കൽ-വട്ടപ്പാറ-തങ്കക്കല്ല് റോഡ് വികസന പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ എട്ട് കോടി രൂപയുടെ ഡി.പി.ആർ. പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുകയും പരാമർ ശം (2) പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II, വാല്യം-II ക്രമ നമ്പർ 646 ആയി ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ചടയമംഗലം ബ്ലോക്ക് നിലമേൽ ഗ്രാമപഞ്ചായത്തിലെ വെയ്ക്കൽ-വട്ടപ്പാറ-തങ്കക്കല്ല് റോഡ് വികസന പ്രവൃത്തി എട്ട് കോടി രൂപ ചെലവിൽ നിർവ്വഹിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പദ്ധതിയ്ക്കാവശ്യമായ തുക 4515-00-800-92 (WORKS INCLUDED IN APPENDIX II TO THE DETAILED BUDGET ESTIMATES) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം ,തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനിയർ, കൊല്ലം ജില്ലാ പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.no.1658528/Dev-3/130/20-Fin dated 13-01-2021)

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.22 10:42:17 IST
Reason: Approved
സെക്ഷൻ ഓഫീസർ